## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1973 11.02.2020-ൽ മറുപടിയ്ക്ക്

## അവശതയനുഭവിക്കുന്ന പ്രവാസികൾക്ക് സാന്ത്വന പദ്ധതി

| **ചോദ്യം**<br>ശ്രീമതി യു. പ്രതിഭ | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| അവശതയനുഭവിക്കുന്ന പ്രവാസികൾക്ക് സർക്കാർ എന്തെല്ലാം സാന്ത്വന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി സർക്കാർ നോർക്കാ റൂട്ട്സ് മുഖേന നടപ്പാക്കുന്ന ദുരിതാശ്വാസ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1 ലക്ഷം രൂപവരെയും, വിദേശത്തു നിന്നും തിരികെയെത്തി രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക്/ കുടുംബാംഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 50,000/- രൂപ വരെയും, സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000/- രൂപവരെയും, മടങ്ങിയെത്തിയ പ്രവാസികൾക്കും, അവരുടെ ആശ്രിതർക്കും, അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിനു 10,000/-രൂപ വരെ ധനസഹായം നൽകി വരുന്നു. ഇതു കൂടാതെ കേരള പ്രവാസി കേരളീയ ക്ഷേമ നിധി അംഗങ്ങൾക്കും ആശ്രിതർക്കും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയ ക്ഷേമപദ്ധതികൾ കേരള പ്രവാസി ക്ഷേമ ബോർഡ് വഴി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ